KSEB

150 YEARS OF CELEBRATING THE MAHATMA

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956 -ലെ കമ്പനീസ് ആക്റ്റ് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,

തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

നം. പി.എസ്.8/GL/GPAIS/2020 — തീയതി: 24.11..2020

## പരിപത്രം

വിഷയം:- സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി - 2021 വർഷത്തേയ്ക്കുള്ള പദ്ധതിയുടെ പ്രീമിയം തുക KSEBL – ൽ ഓഫീസർ / ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത് സസ്പെൻസ് അക്കൗണ്ടിൽ നിലനിർത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1) 23.11.2010 – ലെ സ.ഉ (പി) നമ്പർ 616/2010/ധന.

2) B.O (FM) No.3294/2010 (PS9/GL/GPAIS/2010) dated 17.12.2010.

3) B.O (FTD) No.249/2019 (PS8/GL/GPAIS/2018) dated 15.03.2019.

4) B.O (FTD) No.2028/2018 (PS/SS1/SL1 – Implementation/2009) dated 21.12.2018.

5) 30.05.2019 – ലെ സർക്കുലർ നമ്പർ 57/2019/ധന.

6) 05.11.2020– ലെ GO (P) No.150/2020/Fin.

7) 23.11.2020 – ലെ പി.എസ്.8/GL/GPAIS/2020 നമ്പർ കുറിപ്പിന്മേലുള്ള CMD യുടെ നിർദ്ദേശം.

നിലവിൽ KSEB Ltd ജീവനക്കാർക്ക് ബാധകമാക്കി നടപ്പിലാക്കിവരുന്ന GPAIS പദ്ധതിയുടെ കാലാവധി 31.12.2020 – ന് അവസാനിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത പദ്ധതി 01.01.2021 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ ആവശ്യമായ ഭേദഗതികൾ കൂടി ഉൾപ്പെടുത്തി പുതുക്കി നടപ്പാക്കുന്നതിന് പ്രസ്തുത കാലയളവിൽ KSEBL ലെ 50 വയസ്സിന് താഴെ പ്രായമുള്ള എല്ലാ ജീവനക്കാരും നിർബന്ധമായും കേരളാ സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ SLI, GIS പദ്ധതികളിൽ അംഗത്വം നേടിയിരിക്കണമെന്ന് സൂചന 5, 6 ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും കർശന നിർദ്ദേശം നൽകിയിരിക്കുന്നു.

പ്രസ്തുത വിഷയം സംബന്ധിച്ച് KSEB Ltd ലെ അംഗീകൃത ഓഫീസർ / സംഘടനാ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിരുന്നെങ്കിലും SLI, GIS പദ്ധതികളിൽ ജീവനക്കാരെ നിർബന്ധമായും ഉൾപ്പെടുത്തുന്നതിൽ സംഘടനകൾ വിയോജിപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു അന്തിമ തീരുമാനത്തിൽ എത്തുവാൻ കഴിഞ്ഞിട്ടില്ല. ടി സാഹചര്യത്തിൽ പ്രസ്തുത വിഷയം KSEB Ltd വിശദമായി പരിശോധിക്കുകയും GST ഉൾപ്പെടെയുള്ള GPAIS പ്രീമിയം തുകയായ 1004/- രൂപ (850 രൂപ + 154 രൂപ) ഓഫീസർ / ജീവനക്കാരുടെ 2020 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യുന്നതിനും SLI, GIS പദ്ധതികളിലെ അംഗത്വം സംബന്ധിച്ച അന്തിമ തീരുമാനം KSEB Ltd എടുക്കുന്നതുവരെ പ്രസ്തുത തുക സസ്പെൻസ് അക്കൗണ്ടിൽ നിലനിർത്തുവാനും തീരുമാനമെടുത്തിട്ടുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ചതു പ്രകാരം GPAIS പ്രീമിയമായി ഈടാക്കിയിട്ടുള്ള തുക ട്രഷറിയിൽ ഒടുക്കാതെ സസ്പെൻസ് അക്കൗണ്ടിൽ നിലനിർത്തുവാനും ഇക്കാര്യത്തിൽ KSEB Ltd എടുക്കുന്ന തീരുമാനങ്ങൾ പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുവാനും എല്ലാ ARU തലവൻമാർക്കും നിർദ്ദേശം നൽകുന്നു.

ഒപ്പ്

സെക്രട്ടറി (ഭരണം)

**പകർപ്പ് :**

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും /

എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും /

എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)
ടി. എ ടു ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Bindu

സീനിയർ സൂപ്രണ്ട്